# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


**വാർത്താക്കുറിപ്പ്**

**2024 ജനുവരി 6**

---

## മികച്ച എൻ.എസ്.എസ് യൂണിറ്റിനുള്ള സർവകലാശാലാ പുരസ്കാരം സി.എം.എസ് കോളജിന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ 2022-23 വർഷത്തെ ഏറ്റവും മികച്ച നാഷണൽ സർവീസ് സ്കീം യൂണിറ്റിനുള്ള എവർ റോളിംഗ് ട്രോഫി കോട്ടയം സി.എം.എസ് കോളജിന്. ഇതേ കോളജിലെ ഡോ. വർഗീസ് സി. ജോഷ്വയാണ് മികച്ച എൻ.എസ്.എസ് സൗഹൃദ പ്രിൻസിപ്പൽ. ഇവിടുത്തെതന്നെ ഡോ.കെ.ആർ. അജീഷ് മികച്ച പ്രോഗ്രാം ഓഫീസറായും എസ്. സംയുക്ത, ശ്രീജിത്ത് റജി എന്നിവർ മികച്ച വോളണ്ടിയർമാരായും തിരഞ്ഞെടുക്കപ്പെട്ടു.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷനായുള്ള സമിതിയാണ് പുരസ്കാരങ്ങൾ നിർണയിച്ചത്.
മികച്ച എമർജിംഗ് യൂണിറ്റിനുള്ള പുരസ്കാരം എറണാകുളം കുറുപ്പുംപടി സെൻറ് കുര്യാക്കോസ് കോളജ് ഓഫ് മാനേജ്മെൻറ് ആൻറ് സയൻസ് തിരഞ്ഞെടുക്കപ്പെട്ടു. ഇതേ വിഭാഗത്തിൽ മികച്ച പ്രോഗ്രാം ഓഫീസർ ഈ കോളജിലെ ഫാ. എൽദോസ് കെ. ജോയിയാണ്.

മികച്ച യൂണിറ്റുകൾക്കും പ്രോഗ്രാം ഓഫീസർമാർക്കുമുള്ള പുരസ്കാര ജേതാക്കളുടെ പേരുവിവരം ചുവടെ.

തേവര എസ്.എച്ച്. കോളേജ് -ഡോ. ജോസഫ് വർഗീസ്, ആർ.എൽ.വി. കോളേജ് തൃപ്പൂണിത്തുറ -മനു മോഹൻ, ഗവൺമെൻറ് കോളജ് കോട്ടയം -ഡോ. യു.എസ്. സജീവ്, അൽഫോൻസാ കോളേജ് പാലാ -ഡോ. സിമിമോൾ സെബാസ്റ്റ്യൻ, എം.ഇ.എസ്. കോളേജ് മാറമ്പള്ളി -അമൽ സരോജ്, ഹെൻറി ബേക്കർ കോളേജ് മേലുകാവ് -ഡോ. അൻസ ആൻഡ്രൂസ്, കെ.ഇ. കോളേജ് മാന്നാനം -നീതു ജോസ്, നിർമ്മല കോളേജ് മുവാറ്റുപുഴ -ഡോ. രാജേഷ് കുമാർ, സെൻറ്. ഡൊമിനിക്സ് കോളജ് കാഞ്ഞിരപ്പള്ളി -ഡോ. ജോജി തോമസ്, അസംപ്ഷൻ കോളേജ് ചങ്ങനാശേരി -ഡോ. നയന ജോസഫ്.

ഇതിനു പുറമെ 11 കോളജുകൾക്കും പ്രോഗ്രാം ഓഫീസർമാർക്കും പ്രശംസാ

പത്രം സമ്മാനിക്കും.

മികച്ച വോളണ്ടിയർമാരായി അഖിൽ രാജൻ (എൻ.എസ്.എസ്. കോളജ് ചങ്ങനാശേരി), എസ്. ഗൗരി (നിർമല കോളജ് മുവാറ്റുപുഴ), ശ്രീറാം ശ്രീകുമാർ (എസ്. എച്ച്. കോളജ് തേവര), പൂജ വേണു (ആർ.എൽ.വി. കോളജ് തൃപ്പൂണിത്തുറ), കീർത്തന റെജി (അൽഫോൻസാ കോളജ് പാലാ), മരിയമോൾ ഇമ്മാനുവൽ (സെൻറ് ഡൊമിനിക്സ് കോളജ് കാഞ്ഞിരപ്പള്ളി), വരദ എം. നായർ (അസംപ്ഷൻ കോളജ് ചങ്ങനാശേരി), തെരേസ മരിയ ബ്രൂസിലി (ബസേലിയോസ് കോളേജ് കോട്ടയം), അസ്‌ലം മിഥിലാജ് (ഗവൺമെൻറ് കോളജ് കോട്ടയം), മുഹമ്മദ് ജുനൈദ് (എം.ഇ.എസ്. കോളേജ് മാറമ്പള്ളി), കെ.എച്ച് മുഹമ്മദ് അസ്‌ലം (നിർമല കോളേജ് മുവാറ്റുപുഴ) എന്നിവരെ തിരഞ്ഞെടുത്തു.

വോളണ്ടിയർമാരായ അമൃത ബി അജയൻ(എൻ.എസ്.എസ് കോളജ് ചങ്ങനാശേരി), അരുന്ധതി റെജി(സെൻറ് തെരേസാസ് കോളജ് എറണാകുളം), കെ.എസ്. അനുജിത്ത്(എസ്.എൻ.എം കോളജ് മാല്യങ്കര), എം.ജെ. അജന്യ(എസ്.എ.എസ് എസ്.എൻ.ഡി.പി യോഗം കോളജ് കോന്നി), അർജുൻ ഹരിദാസ്(എസ്. വി.ആർ. എൻ.എസ്.എസ് കോളജ് വാഴൂർ), പി.എ. അനൂപ്(എസ്.ബി. കോളജ് ചങ്ങനാശേരി), ഫിനോ ഫിലിപ്പ്(കാതോലിക്കേറ്റ് കോളജ് പത്തനംതിട്ട), ഗുരുപ്രിയ രാജീവ്(ഹെൻ റി ബേക്കർ കോളജ് മേലുകാവ്) എന്നിവർക്ക് പ്രശംസാപത്രം ലഭിക്കും.

ഏറ്റവും മികച്ച യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ട സി.എം.എസ് കോളജ് രണ്ടാം സ്ഥാനം നേടിയ തേവര എസ്.എച്ച് കോളജ് എന്നിവയെയും പ്രോഗ്രാം ഓഫീസർമാരെയും സംസ്ഥാന അവാർഡിനായി നാമനിർദേശം ചെയ്യും.

191 അഫിലിയേറ്റഡ് കോളജുകളിലായി 282 യൂണിറ്റുകളും ഇത്രയുംതന്നെ പ്രോഗ്രാം ഓഫീസർമാരും 28200 വോളണ്ടിയർമാരുമാണ് സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീമിനുള്ളത്.

ഫെബ്രുവരി ആദ്യ വാരം സർവകലാശാല അസംബ്ലി ഹാളിൽ നടക്കുന്ന എൻ.എസ്.എസ്. സംഗമത്തിൽ പുരസ്കാരങ്ങൾ സമ്മാനിക്കുമെന്ന് നാഷണൽ സർവീസ് സ്കീം പ്രോഗ്രാം കോഓർഡിനേറ്റർ ഡോ. ഇ. എൻ. ശിവദാസൻ അറിയിച്ചു.

(പി.ആർ.ഒ/39/15/2024)

## റിസർച്ച് അസിസ്റ്റന്റ്; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട്സ് ആന്റ് ഡവലപ്മെന്റൽ സ്റ്റഡീസിൽ ഐ.സി.എസ്.എസ്.ആർ സ്പോൺസർ ചെയ്യുന്ന റിസർച്ച് പ്രോജക്ടിൽ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലെ ഒരൊഴിവിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രോജക്ടിന്റെ കാലാവധി രണ്ടു വർഷമാണ്.

ആറു മാസത്തേക്കുള്ള നിയമനം പ്രോജക്ട് തീരുന്നതു വരെ ദിർഘിപ്പിക്കാൻ സാധ്യതയുണ്ട്. പ്രതിമാസം സഞ്ചിത നിരക്കിൽ 16000 രൂപയാണ് ഓണറേറിയം.

സോഷ്യൽ സയൻസിൽ പി.എച്ച്.ഡി അല്ലെങ്കിൽ സോഷ്യൽ സയൻസ് വിഷയങ്ങളായ ഹിസ്റ്ററി,സോഷ്യോളജി,ആന്ത്രപോളജി എന്നിവയിൽ എം.എ അല്ലെങ്കിൽ എം.ഫിൽ ബിരുദവും യു.ജി.സി നെറ്റും ഫീൽഡ് ബെയ്സ്ഡ് റിസർച്ച് പ്രോജക്ടുകളിൽ പ്രവൃത്തി പരിചയവും ആണ് അടിസ്ഥാനയോഗ്യത.

അപേക്ഷയും ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും ഒറ്റ പി.ഡി.എഫ് ഫയലായി manjusha@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ ജനുവരി 20 വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ. ഫോൺ: 9447887321.

(പി.ആർ.ഒ/39/16/2024)

## <u>പ്രാക്ടിക്കൽ</u>

മോഡൽ ഒന്ന് ആനുവൽ സ്കീം ബി.എ പാർട്ട് മൂന്ന് മ്യൂസിക്, വയലിൻ, വീണ, വോക്കൽ, ഭരതനാട്യം(അഭിനയ സംഗീതം) സബ്സിഡിയറി പേപ്പറുകൾ(1999, 2001,2003 അഡ്മിഷനുകൾ സ്പെഷ്യൽ മെഴ്സി ചാൻസ് - സെപ്റ്റംബർ 2018) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 11 മുതൽ തൃപ്പൂണിത്തുള ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...................................

മൂന്നാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക് മാനേജ്മെൻറ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 15 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

മൂന്നാം സെമസ്റ്റർ എം.എ ജെ.എം.സി(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 11 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

അഞ്ചാം സെമസ്റ്റർ ബി.എസ്.സി ഫുഡ് സയൻസ് ആൻറ് ക്വാളിറ്റി കൺട്രോൾ സി.ബി.സി.എസ്(2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(ജനുവരി 8) മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/17/2024)

## കോഴ്സ് വൈവ

ഒന്നാം സെമസ്റ്റർ എം.ബി.എ(2023 അഡ്മിഷൻ റഗുലർ, 2019-2022 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 202ക്ഷയുടെ കോഴ്സ് വൈവ ജനുവരി 11 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/18/2024)

## പരീക്ഷാ ഫലം

കഴിഞ്ഞ ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ എം.സി.എ(2017,2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി, ലാറ്ററൽ എൻട്രി - 2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി), 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്(അഫിലിയേറ്റഡ് കോളജുകൾ), 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്(അഫിലിയേറ്റഡ് കോളജുകൾ,സീപാസ്), (20122014 അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ്, ലാറ്ററൽ എൻട്രി - 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014,2015 അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 20 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

....................................

മൂന്നാം സെമസ്റ്റർ എം.പി.ഇ.എസ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി - സെപ്റ്റംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 20 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/19/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**